മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും വിതരണം

4 (1984) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.സി.സി.ബി. സ്കീമിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നൽകുന്ന സഹായത്തിന് അപേക്ഷിക്കാൻ പ്രത്യേകം അപേക്ഷഫാറം ഉണ്ടോ ; എങ്കിൽ അതിന്റെ മാതൃക ലഭ്യമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും ലഭിക്കുന്നതിനുള്ള വായ്പ നല്കുന്നത് പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

1. മത്സ്യഫെഡിൽ അഫിലിയേഷൻ ലഭിച്ചിട്ടുള്ള സംഘമായിരിക്കണം.
2. കടലോര സഹകരണ സംഘമാണെങ്കിൽ കുറഞ്ഞത് 300 അംഗങ്ങളും ഉൾനാടൻ സഹകരണസംഘമാണെങ്കിൽ കുറഞ്ഞത് 200 അംഗങ്ങളും ഉണ്ടായിരിക്കണം.
3. മുമ്പ് എൻ.സി.സി.ബി. ലോൺ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ 50 ശതമാനം തിരിച്ചടവും തീരദേശലേലവും ഉണ്ടായിരിക്കേണ്ടതുമാണ്.
4. സംഘം നിയമാനുസൃതമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതാകണം (ഓഡിറ്റ്, പൊതുയോഗം എന്നിവ)

(ബി) ഉണ്ട്. അപേക്ഷാഫാറത്തിന്റെ മാതൃക അനുബന്ധമായി വച്ചിരിക്കുന്നു†.

മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് സബ്സിഡി

5 (1985) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യഫെഡിൽ അഫിലിയേഷൻ ഉള്ള എത്ര മത്സ്യത്തൊഴിലാളി സംഘങ്ങൾ ഉണ്ടെന്ന് കടൽ, കായൽ മറ്റുമേഖലാടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

(ബി) 1996-97, 1997-98, 1998-99, 1999-2000 ജനുവരി 31 വരെ ഇവയ്ക്ക് ഷെയർ ക്യാപ്പിറ്റൽ ഇനത്തിൽ എത്ര രൂപ സബ്സിഡി നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത കാലയളവിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാൻ എത്ര രൂപ സബ്സിഡി നൽകിയിട്ടുണ്ട് ;

(ഡി) ക്യാഷ് സബ്സിഡി, ഷെയർ ക്യാപ്പിറ്റൽ സബ്സിഡി എന്നിവ നിർത്താൻ ഉദ്ദേശമുണ്ടോ ?

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കടലോരസംഘങ്ങൾ - 332
ഉൾനാടൻ സംഘങ്ങൾ - 178
വനിതാ സംഘങ്ങൾ - 131

ആകെ - 641

(ബി) ഷെയർ ക്യാപ്പിറ്റൽ തുക സബ്സിഡിയായിട്ടല്ല നല്കുന്നത്. ആയത് സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായമെന്ന നിലയിൽ ഗ്രാന്റായിട്ടാണ് നല്കുന്നത്. ഷെയർ ക്യാപ്പിറ്റൽ നല്കിയതിന്റെ കണക്ക് താഴെ കൊടുക്കുന്നു.

1996-97 - നല്കിയിട്ടില്ല.
1997-98 - 29.60 ലക്ഷം രൂപ
1998-99 - 16.70 ലക്ഷം രൂപ
1999-2000 (ജനുവരി 31 വരെ) - 78.00 ലക്ഷം രൂപ.

(സി) 220.422 ലക്ഷം രൂപ.

(ഡി) ഇല്ല.

മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി

6 (1986) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച എത്ര ബോട്ടുകൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുണ്ട് ;

(ബി) ഇവയിൽ എത്ര എണ്ണം മത്സ്യഫെഡിൽനിന്നും തവണ വ്യവസ്ഥയിൽ നൽകിയവയാണെന്ന് പറയുമോ ;

(സി) ഇത്തരം എൻജിൻ വാങ്ങുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നൽകാറുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ബോട്ടുകളിൽ ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിക്കാറില്ല. രജിസ്ട്രേഷൻ ഉള്ളതും ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച് പ്രവർത്തിച്ച് വരുന്നതുമായ 27094 വള്ളങ്ങൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) ഇവയുടെ കണക്ക് പ്രത്യേകം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly